# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5305** **15.11.2019 -ലെ മറുപടിയ്ക്ക്**

**<u>പോസ്റ്റ് ട്രൂത്ത് മാഗസിൻ</u>**

*<u>ചോദ്യം</u>* *<u>ഉത്തരം</u>*

**ശ്രീ. അബ്ദുൽ ഹമീദ് പി** **ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ 2018-19 വർഷത്തിൽ പുറത്തിറക്കിയ പോസ്റ്റ് ട്രൂത്ത് എന്ന മാഗസിൻ ഹിന്ദു-മുസ്ലീം മത വിശ്വാസികളുടെ വികാരങ്ങളെ ഹനിക്കുന്നതും സഭ്യമല്ലാത്ത ഭാഷാപ്രയോഗങ്ങൾ ബോധപൂർവ്വം ഉൾകൊള്ളുന്നതും ആയതിനാൽ യൂണിവേഴ്സിറ്റി നിരോധിച്ചിരുന്നുവോ; | (എ) & (ബി) | 19.10.2019 ലെ 14746/2019/Admn നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം, കാലിക്കറ്റ് സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡൻസ് യൂണിയന്റെ 2018-19 വർഷത്തെ മാഗസിനായ "പോസ്റ്റ് ട്രൂത്ത്" പിൻവലിച്ചിട്ടുണ്ട്. സർവ്വകലാശാല വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം, ഡിപ്പാർട്ട്മെന്റ് സ്റ്റുഡൻസ് യൂണിയൻ പ്രസിഡന്റിനെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുകയും, കാലിക്കറ്റ് സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡൻസ് യൂണിയന്റെ 2018-19 വർഷത്തെ മാഗസിനായ "പോസ്റ്റ് ട്രൂത്തു" മായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്ന തിനും അന്വേഷണം നടത്തുന്നതിനുമായി സർവ്വകലാശാല സിന്റിക്കേറ്റ് അംഗങ്ങളുള്ള മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി പരാതിക്കാരെയും എതിർ കക്ഷികളെയും കേൾക്കുകയും, റിപ്പോർട്ട് തയ്യാറാക്കുകയും, സർവ്വകലാശാല അധികാരികൾക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർവ്വകലാശാല അധികാരികളുടെ പരിഗണനയിലാണ്. |
| (ബി) | ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റ്, എഡിറ്റോറിയൽ ബോർഡ് മെമ്പർമാർ എന്നിവർക്കെതിരെ നടപടി ആവശ്യപ്പെട്ട് വിവിധ സംഘടനകൾ യൂണിവേഴ്സിറ്റി അധികൃതർക്കും തേഞ്ഞിപ്പാലം പോലീസ് സ്റ്റേഷനിലും നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ.